വില്ലേജ് പഞ്ചായത്ത് ആക്ട്

* ൭൫൬. (൧൩൧) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വില്ലേജ് പഞ്ചായത്ത് ആക്ട് എന്ന നിയമമായി;

(ബി) ആക്ടിലെ നിയമങ്ങൾക്ക് വിധേയമായി ഡിപ്പാർട്ട്മെൻറ് പ്രവർത്തനങ്ങൾ നടന്നുതുടങ്ങിയോ, ഇല്ലെങ്കിൽ കാരണമെന്ത്?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൧—൧൰—൧൯൫൪ നിയമമായി. എന്നാൽ നടപ്പിൽ വന്നിട്ടില്ല.

(ബി) ഇല്ല. പ്രാരംഭനടപടികൾ പൂർത്തിയായിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: അതു നടപ്പിൽവരാൻ എത്ര കാലതാമസം ഉണ്ടാകും എന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ൧൯൫൫ ഏപ്രിൽ മാസത്തോടുകൂടി നടപ്പിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ കെ. ഭാർ. ഇലങ്കത്ത്: പഞ്ചായത്തുകളുടെ ഡീലിമിറേഷൻ സംബന്ധിച്ച പരാതികൾ തീരുമാനിക്കുന്നതു ഗവൺമെണ്ടു നേരിട്ടുതന്നെയാണോ, അതോ അതിലേക്ക് വല്ല പ്രത്യേക കമ്മിറ്റിയും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അക്കാര്യം ഗവൺമെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതു നടപ്പിൽ വരുത്തുന്നതിനുള്ള താമസത്തിനു കാരണമെന്താണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഡീലിമിറേഷനെ സംബന്ധിച്ച് പരാതികൾ വന്നിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് തീരുമാനിക്കേണ്ടിയിരിക്കുന്നു. ആവശ്യമായ മറ്റു പ്രാരംഭനടപടികളും പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷമേ ഇതു നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

കേന്ദ്രഗവൺമെണ്ടിൽനിന്നും ഭക്ഷ്യോല്പാദനത്തിനായി അനുവദിച്ച സംഖ്യ

* ൭൫൭. (൧൩൨) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കേന്ദ്രഗവൺമെണ്ടിൽനിന്നും ഭക്ഷ്യോല്പാദനത്തിനായി അനുവദിച്ച സംഖ്യ മുഴുവനും ചിലവാക്കിയൊ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കായി ചിലവാക്കി?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ചെലവാക്കിക്കൊണ്ടിരിക്കയാണ്.

(Question No. 17 was not put by the member as a similar question had already been answered)

LIBRARY ARCHIVES Kerala Legislative Assembly